# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

| ഏപ്രിൽ 22<br>APRIL 22 | 2019 |
| --- | --- |

*1194 മേടം 08* തിങ്കൾ

## പത്രക്കുറിപ്പ്



www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145


## വിധിയെഴുത്ത് ഇന്ന്: മെയ് 23 വരെ കാത്തിരിപ്പ്

പതിനേഴാം ലോക്സഭാ തെരഞ്ഞെടുപ്പിന് ജില്ല ഒരുങ്ങിക്കഴിഞ്ഞു. കാസർകോട് ലോക്സഭാ മണ്ഡലത്തിലെ ഏഴ് നിയമസഭാ മണ്ഡലത്തിലെ വോട്ടർമാർ ഇന്ന് (ഏപ്രിൽ 23) വിധിയെഴുതും. മെയ് 23ന് ആണ് ഫലപ്രഖ്യാപനം. 13,63,937 വോട്ടർമാരാണ് മണ്ഡലത്തിൽ ഉള്ളത്. ഇവരിൽ 6,59,454 വോട്ടർമാർ പുരുഷൻമാരും 7,04,482 വോട്ടർമാർ സ്ത്രീകളും ഒരാൾ ട്രാൻസ്ജെൻഡറുമാണ്. 1,317 ബൂത്തുകളാണ് മണ്ഡലത്തിൽ ഉള്ളത്. രാവിലെ ഏഴു മുതൽ വൈകീട്ട് ആറുവരെയാണ് വോട്ടെടുപ്പ്. ആറുമണിക്ക് ക്യൂവിൽ നിൽക്കുന്ന ആളുകൾക്ക് ടോക്കൺ നൽകി വോട്ട് ചെയ്യാൻ അനുവദിക്കും. തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി 3872 ഉദ്യോഗസ്ഥരെയാണ് നിയമിച്ചിട്ടുള്ളത്. ഇവർക്ക് പുറമേ 668 റിസർവ്ഡ് ജീവനക്കാരുമുണ്ട്. പോളിങ് ബൂത്തുകളിലെ സുരക്ഷാ ചുമതല നിർവഹിക്കുന്നതിന് 2641 പൊലീസുകാരെയും വിന്യസിപ്പിച്ചുണ്ട്. 1317 വോട്ടിങ് യന്ത്രങ്ങളാണ് തെരഞ്ഞെടുപ്പിനായി സജ്ജീകരിച്ചിരിക്കുന്നത്.

മോക്പോൾ സമയത്ത് വോട്ട് ചെയ്ത സ്ഥാനാർത്ഥികളുടെ ചിഹ്നത്തിന് നേരെയുള്ള ലൈറ്റ് അല്ല തെളിയുന്നതെങ്കിലും വിവിപാറ്റ് സ്ലിപ്പിൽ വോട്ട് ചെയ്ത സ്ഥാനാർത്ഥിയുടെ പേരും ചിഹ്നവുമല്ല വരുന്നതെങ്കിലും മോക്പോളിന്റെ എണ്ണം ടാലിയാവുന്നില്ലെങ്കിലും വോട്ടിങ്ങിനിടയിൽ യന്ത്രം കേടായാലും പകരം വേറെ വോട്ടിങ് യന്ത്രം ഉപയോഗിക്കും. ഇതിനായി 265 അധിക വോട്ടിങ് യന്ത്രങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. വോട്ടെടുപ്പ് ആരംഭിക്കുന്നതിന്റെ ഒരു മണിക്കൂർ മുമ്പ് സ്ഥാനാർത്ഥി അല്ലെങ്കിൽ പോളിങ് ഏജന്റ് എന്നിവരുടെ സന്നിധ്യത്തിലാണ് മോക്ക് പോൾ നടത്തേണ്ടത്. ചുരുങ്ങിയത് രണ്ട് സ്ഥാനാർത്ഥികളുടെ എങ്കിലും പോളിങ് ഏജന്റുമാർ മോക്ക് പോളിങിന് സന്നിഹിതരായിട്ടില്ലെങ്കിൽ പ്രിസൈഡിങ് ഓഫീസർക്ക് 15 മിനുട്ട് കാത്തിരുന്ന ശേഷം മോക്ക് പോൾ ആരംഭിക്കാം. ചുരുങ്ങിയത് 50 വോട്ടെങ്കിലും മോക്ക് പോളായി ചെയ്യണം. മോക്ക്പോൾ പൂർത്തിയായതിനുശേഷം ക്ലോസ് ബട്ടൺ അമർത്തണം. ശേഷം റിസൾട്ട് ബട്ടൺ അമർത്തുമ്പോൾ ഡിസ്പ്ലേ പാനലിൽ ഫലം കാണിക്കും. ഈ റിസൾട്ടും വിവിപാറ്റിലെ പേപ്പർ സ്ലിപ്പും ഒത്തുനോക്കുകയും ഓരോ സ്ഥാനാർത്ഥിക്കും ലഭിച്ച വോട്ടുകളുടെ എണ്ണം കൃത്യമാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും വേണം. ഇതിനുശേഷം ക്ലിയർ ബട്ടൺ അമർത്തി, ചെയ്ത മോക്ക് വോട്ടുകൾ സീറോ ആക്കണം. തെരഞ്ഞെടുപ്പിനിടയിൽ ആണ് വോട്ടിങ് യന്ത്രം തകരാറാവുന്നതെങ്കിൽ പുതുതായി ഉപയോഗിക്കുന്ന വോട്ടിങ് യന്ത്രത്തിൽ നോട്ട ഉൾപ്പെടെ ഓരോ സ്ഥാനാർത്ഥിക്കും ഒരു വോട്ട് വീതം മോക്ക് പോളായി ചെയ്താൽ മതി.

## വോട്ട് ചെയ്യാൻ തിരിച്ചറിയൽ രേഖ നിർബന്ധം: ജില്ലാ കളക്ടർ

സമ്മതിദാന അവകാശം വിനിയേഗിക്കാൻ പോളിങ് ബൂത്തിൽ എത്തുന്ന വോട്ടർമാർ, ഇലക്ഷൻ കമ്മീഷൻ നൽകിയ തിരിച്ചറിയൽ രേഖയോ, കമ്മീഷൻ നിർദേശിച്ച 11 രേഖകളിൽ ഏതെങ്കിലും ഒന്നോ ഹാജരാക്കിയാൽ മാത്രമേ സമ്മതിദാന അവകാശം വിനിയോഗിക്കാൻ സാധിക്കുകയെന്ന് ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബു അറിയിച്ചു.

പാസ്പോർട്ട്, ഡ്രൈവിങ് ലൈസൻസ്, കേന്ദ്ര-സംസ്ഥാന സർക്കാറുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും നൽകിയിട്ടുള്ള ഫോട്ടോ പതിച്ച ഔദ്യോഗിക തിരിച്ചറിയൽ കാർഡ്, ബാങ്കോ, പോസ്റ്റോഫീസോ നൽകിയ ഫോട്ടോ പതിച്ച പാസ്ബുക്ക്, പാൻകാർഡ്, ദേശീയ ജന സംഖ്യ രജിസ്റ്റർ പ്രകാരം നൽകിയിട്ടുള്ള സ്മാർട് കാർഡ്, മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിൽ കാർഡ്, തൊഴിൽ

മന്ത്രാലയത്തിന്റെ പദ്ധതി പ്രകാരമുള്ള ആരോഗ്യ ഇൻഷുറൻസ് സ്മാർട് കാർഡ്, ഫോട്ടോ പതിച്ച പെൻഷൻ രേഖ, എംപിമാർക്കും എംഎൽ എമാർക്കും നൽകുന്ന ഔദ്യോഗിക തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ് എന്നിവയാണ് തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശിച്ച 11 രേഖകൾ.

## സമാധാനപരമായ തെരഞ്ഞെടുപ്പിന് രാഷ്ട്രീയ പാർട്ടികളും പൊതുജനങ്ങളും സഹകരിക്കണം: ജില്ലാ കളക്ടർ

ജില്ലയിൽ പോളിങ് ശതമാനം ഉയർത്തുന്നതിനും സമാധാനപരമായി തെരഞ്ഞെടുപ്പ് പൂർത്തിയാക്കുന്നതിനും എല്ലാ രാഷ്ട്രീയ പാർട്ടികളും പൊതുജനങ്ങളും സഹകരിക്കണമെന്ന് ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബു അഭ്യർത്ഥിച്ചു. കുറ്റമറ്റ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ജില്ലയിൽ ഒരുക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ വോട്ടർമാരെ ബൂത്തിലെത്തിക്കുന്നതിന് 25 ആംബുലൻസുകളുടെ സേവനം ഉറപ്പു വരുത്തിയിട്ടുണ്ട്. വോട്ടെടുപ്പിനായി 4,540 ഉദ്യോഗസ്ഥരെയും ക്രമസമാധാന പാലനത്തിനായി 2,641 പൊലീസുദ്യോഗസ്ഥരെയും ജില്ലയിൽ വിന്യസിച്ചിട്ടുണ്ട്. പോളിങ് ബൂത്തുകളിൽ ആവിശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. പ്രശ്ന സാധ്യതാ ബൂത്തുകളിലെ പോളിങ് കളക്ടറേറ്റിലെ പ്രത്യേക കേന്ദ്രത്തിൽ നിരീക്ഷിക്കും. ഇതിനാവശ്യമായ എല്ലാ ക്രമീകരണങ്ങളും പൂർത്തിയായിട്ടുണ്ട്.

വോട്ടെടുപ്പ് തടസ്സപ്പെടുത്തുകയോ ആരെയെങ്കിലും വോട്ട് ചെയ്യാൻ അനുവദിക്കാതിരിക്കുകയോ ഏതെങ്കിലും ഒരു സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യാൻ ഭീഷണിപ്പെടുത്തുകയോ, വോട്ട് കച്ചവടം നടത്തുകയോ, പോളിങ് ബൂത്തിനകത്തോ സമീപത്തോ സംഘർഷമുണ്ടാക്കുകയോ ചെയ്താൽ കർശന നടപടി സ്വീകരിക്കും. ബൂത്ത് പിടുത്തം, വോട്ടിങ് യന്ത്രങ്ങൾ നശിപ്പിക്കൽ, സമാധാനപൂർണമായ തെരഞ്ഞെടുപ്പിന് തടസ്സമാകുന്ന രീതിയിൽ പെരുമാറുക തുടങ്ങിയവയ്ക്കുമെതിരേയും കർശന നിയമനടപടികൾ സ്വീകരിക്കും.

സംഘർഷ സാധ്യതയുള്ള പ്രദേശങ്ങളിൽ പൊലീസിന്റെ പ്രത്യേക നിരീക്ഷണം ഉണ്ടാവും. കള്ള വോട്ട് ചെയ്യുന്നവർക്കെതിരെയും കർശന നടപടി സ്വീകരിക്കും. പോളിങ് ഡ്യൂട്ടിക്ക് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ കൃത്യനിർവഹണം തടസ്സപ്പെടുത്തിയാൽ 1951ലെ ജനപ്രാതിനിത്യ നിയമം അനുസരിച്ചും ഇന്ത്യൻ ശിക്ഷാ നിയമം 353 പ്രകാരവും കേസെടുക്കും. രണ്ട് വർഷം തടവും പിഴയും ലഭിക്കാവുന്ന കുറ്റകൃത്യമാണിത്. ഉദ്യോഗസ്ഥരെ പരിക്കേൽപ്പിച്ചാൽ ഐപിസി 332 പ്രകാരം മൂന്നു

വർഷം വരെ തടവും പിഴയും ലഭിക്കും. മാരകമായി പരിക്കേൽപ്പിച്ചാൽ ഐപിസി 333 അനുസരിച്ച് പത്തു വർഷം തടവും പിഴയും ലഭിക്കും. ഈ കുറ്റകൃത്യങ്ങൾക്ക് ഒരാളെ അറസ്റ്റ് ചെയ്താൽ ജാമ്യം ലഭിക്കുകയില്ല.

## പോളിങ് ബൂത്തിൽ പോകുന്ന വോട്ടറുടെ ശ്രദ്ധയ്ക്ക്

പൊതുജനത്തിന് നിർഭയമായി വോട്ട് ചെയ്ത് ജനാധിപത്യ പ്രക്രിയയുടെ ഭാഗമാകാനും തെരഞ്ഞെടുപ്പ് സുഗമമായി നടത്താനുമുള്ള എല്ലാ ഒരുക്കങ്ങളും പോളിങ്ങ് സ്റ്റേഷനുകളിൽ പൂർത്തിയാക്കിയതായി ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു അറിയിച്ചു.വോട്ടർമാർ വോട്ട് ചെയ്യാൻ പോളിങ് ബൂത്തിലേക്ക് പോകുമ്പോൾ തിരിച്ചറിയൽ കാർഡ് കൊണ്ടുപോകണം. തിരിച്ചറിയൽ കാർഡ് ഇല്ലാത്തവർ തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ച 11 രേഖകളിൽ ഏതെങ്കിലും ഒന്ന് നിർബന്ധമായും കൈവശം വെക്കണം. പോളിങ് ബൂത്തിന്റെ 100 മീറ്റർ പരിധിക്കകത്ത് പ്രവേശിക്കുമ്പോൾ മൊബൈൽ ഫോൺ കൈവശം വെക്കാൻ പാടില്ല.സ്ത്രീകൾക്കും പുരുഷൻമാർക്ക് പോളിങ് ബൂത്തിൽ പ്രത്യേകം ക്യൂ ഉണ്ടാകും.

രണ്ട് സ്ത്രീകൾ പോളിങ് മുറിയിൽ പ്രവേശിച്ച് കഴിഞ്ഞാൽ ഒരു പുരുഷന് പ്രവേശിക്കാം. ഭിന്നശേഷിക്കാർക്കും മുതിർന്നവർക്കും ക്യൂവിൽ നിൽക്കേണ്ടതില്ല. ഒന്നിലധികം ഭിന്നശേഷിക്കാർ ഉണ്ടെങ്കിൽ അവർക്ക് മൂന്നാമതൊരു ക്യൂ ആയി നിന്ന് പോളിങ്ങ് റൂമിൽ പ്രവേശിക്കാം. ഭിന്നശേഷിക്കാരെ പ്രവേശിപ്പിച്ചതിന് ശേഷമേ മറ്റ് ക്യൂവിൽ നിന്ന് ആളുകളെ പോളിങ് റൂമിലേക്ക് പ്രവേശിപ്പിക്കുകയുള്ളു.

പോളിങ് റൂമിലേക്ക് പ്രവേശിക്കുന്ന വോട്ടർ ഫസ്റ്റ് പോളിങ് ഓഫീസറെയാണ് ആദ്യം സമീപിക്കേണ്ടത്.വോട്ടർ കൈയ്യിലുള്ള ബി എൽ ഒ സ്ലിപ്പ് ഫസ്റ്റ് പോളിങ് ഓഫീസർക്ക് കാണിക്കണം.ബി എൽ ഒ സ്ലിപ്പ് ഇല്ലെങ്കിൽ വോട്ടർ, ക്രമനമ്പർ പറഞ്ഞു കൊടുക്കണം.ബി എൽ ഒ സ്ലിപ്പ് മാത്രം ഉപയോഗിച്ച് വോട്ട് ചെയ്യാൻ കഴിയില്ല.തുടർന്ന് വോട്ടർമാരുടെ കൈവശമുള്ള തിരിച്ചറിയൽ രേഖ ഫസ്റ്റ് പോളിങ് ഓഫീസർ പരിശോധിക്കും. തിരിച്ചറിയൽ രേഖയിൽ കൃത്രിമത്വം ഇല്ലെന്ന് ഉറപ്പായാൽ ഫസ്റ്റ് പോളിങ് ഓഫീസർ വോട്ടർമാരെ രണ്ടാമത്തെ പോളിങ് ഓഫീസറുടെ അടുത്തേക്ക് അയക്കും.

രണ്ടാമത്തെ പോളിങ് ഓഫീസർ വോട്ടറുടെ പേര് വിവരങ്ങൾ പരിശോധിച്ചതിന് ശേഷം, അവരുടെ പേര് വോട്ടർ റജിസ്റ്ററിൽ ചേർത്ത് ഒപ്പ്

വയ്പ്പിക്കും . അതിന് ശേഷം വോട്ടറുടെ ഇടത് ചൂണ്ടുവിരലിൽ മഷി അടയാളം വയ്ക്കും.തുടർന്ന് വോട്ടർമാർക്ക് വോട്ടിങ്ങ് സ്ലിപ് കൊടുക്കും. മൂന്നാം പോളിങ് ഉദ്യോഗസ്ഥർ വോട്ടർമാരുടെ കൈയ്യിലെ സ്ലിപ് വാങ്ങി വെച്ച്, വിരലിലെ മഷി അടയാളം ഉറപ്പ് വരുത്തിയതിന് ശേഷം വോട്ടിങ് മെഷീൻ വോട്ട് ചെയ്യാൻ സജ്ജമാക്കും . തുടർന്ന് വോട്ടർക്ക് വോട്ടിങ്ങ് കമ്പാർട്ട്മെന്റിൽ പോയി വോട്ട് ചെയ്യാം . വോട്ട് ചെയ്ത മുറയ്ക്ക് ആർക്കാണൊ വോട്ട് ചെയ്തത് ആ സ്ഥാനാർത്ഥിയുടെ പേര് ,ക്രമനമ്പർ,ചിഹ്നം എന്നിവ വിവിപാറ്റിൽ ദൃശ്യമാകും.അതിന് ശേഷം വോട്ടർക്ക് പുറത്ത് പോകാം.

## 43 ബൂത്തുകളിലെ വോട്ടെടുപ്പ് കളക്ടർ തൽസമയം നിരീക്ഷിക്കും

തെരഞ്ഞെടുപ്പ് ദിനത്തിൽ ജില്ലയിലെ 43 പ്രശ്നബാധിത ബൂത്തുകളിലെ പ്രവർത്തനങ്ങൾ വരണാധികാരിയായ ജില്ലാകളക്ടർ ഡോ. ഡി സജിത് ബാബു നേരിട്ട് നിരീക്ഷിക്കും. ഇതിനായി കളക്ടറേറ്റ് മിനികോൺഫറൻസ് ഹാളിൽ പ്രത്യേക കൺട്രോൾ റൂം സജ്ജീകരിച്ചു.

ഒരു കമ്പ്യൂട്ടറിൽ ആറ് പോളിങ് ബൂത്തിലെ വോട്ടെടുപ്പാണ് ലൈവായി കാണാനാവുക. പ്രശ്നബാധിത ബൂത്തുകളോരോന്നിലും സെറ്റ് ചെയ്തു വച്ചിട്ടുള്ള വെബ്ക്യാമറയിൽ നിന്നുള്ള തൽസമയ ദൃശ്യങ്ങളാണ് കൺട്രോൾ റൂമിൽ കളക്ടറുടെ നേതൃത്വത്തിലുള്ള സംഘം വീക്ഷിക്കുക. ബൂത്തുകളിൽ പ്രിസൈഡിങ് ഓഫീസർക്ക് സമീപത്തായി സ്ഥാപിക്കുന്ന വെബ്ക്യാമറ, വോട്ടർ പോളിങ് ബൂത്തിനകത്ത് പ്രവേശിക്കുന്നതു മുതലുള്ള പ്രവർത്തനങ്ങൾ ഒപ്പിയെടുക്കും. ഏതെങ്കിലും ബൂത്തുകളിലെ ദൃശ്യങ്ങൾ വലുതായി കാണണമെ ങ്കിൽ അതിനായി രണ്ടു പ്രൊജക്ടറുകളും വലിയ സ്ക്രീനുകളും ഒരുക്കിയിട്ടു ണ്ട്. ഒരേ സമയം 12 ബൂത്തുകൾ ഇങ്ങനെ വലുതായി കാണാനാകും. ഈ ബൂത്തുകളിൽ വോട്ടെടുപ്പുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നങ്ങളു ണ്ടായാൽ ജില്ലാ വരണാധികാരികൂടിയായ ജില്ലാ കളക്ടർക്ക് പ്രിസൈഡിങ് ഓഫീസറുമായി നേരിട്ട് ബന്ധപ്പെട്ട് നിർദേശങ്ങൾ നൽകുന്നതിനുള്ള വാർത്താ വിനിമയ സംവിധാനങ്ങളും കൺട്രോൾ റൂമിൽ ഒരുക്കിയിട്ടുണ്ട്. ഇലക്ഷൻ ജീവനക്കാർ, എൻ.ഐ.സി, കെഎസ്ഇബി, ബിഎസ്എൻഎൽ ജീവനക്കാർ ഉൾപ്പെടെ 20ലധികം ജീവനക്കാരാണ് ബൂത്തുകളുടെ നിരീക്ഷണത്തിനുണ്ടാ

വുക. അക്ഷയക്കാണ് വെബ്കാസ്റ്റിങ്ങിന്റെ ചുമതല. ബിഎസ്എൻഎൽ ആണ് വെബ്കാസ്റ്റിങ്ങിന് ആവശ്യമായ നെറ്റ് വർക്ക് നൽകുന്നത്.

കാസർകോട് നിയോജകമണ്ഡലത്തിൽ നാലും ഉദുമയിൽ മൂന്നും കാഞ്ഞങ്ങാട് 13ഉം തൃക്കരിപ്പൂർ 23ഉം പ്രശ്നബാധിത ബൂത്തുകളാണ് ഉള്ളത്. വെബ്കാസ്റ്റിങ്ങിന്റെ ട്രയൽ റൺ ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബു പൊതുനിരീക്ഷകൻ എസ് ഗണേഷ് എന്നിവർ പരിശോധിച്ചു.

**ഫോട്ടോ അടിക്കുറിപ്പ്- കളക്ടറേറ്റ് മിനികോൺഫറൻസ് ഹാളിൽ ഒരുക്കിയ തത്സമയ നിരീക്ഷണ കേന്ദ്രം. (വെബ്3, വെബ് 4, വെബ്6, വെബ 7)**

## ഭിന്നശേഷിക്കാരെ പോളിങ് ബൂത്തിൽ എത്തിക്കാൻ 25 ആംബുലൻസ്

വോട്ട് ചെയ്യുന്നതിനുവേണ്ടി ഭിന്നശേഷിക്കാരെ പോളിങ് ബൂത്തിൽ എത്തിക്കാൻ ജില്ലയിൽ 25 ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയതായി ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബു അറിയിച്ചു. നിയമസഭാ മണ്ഡലാടിസ്ഥാനത്തിലാണ് ആംബുലൻസ് സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. മഞ്ചേശ്വരം, ഉദുമ നിയമസഭാ മണ്ഡലങ്ങൾക്ക് ആറു വീതവും കാസർകോടിന് അഞ്ചും കാഞ്ഞങ്ങാടിനും തൃക്കരിപ്പൂറിനും നാലു വീതവും ആംബുലൻസുകളാണ് അനുവദിച്ചിട്ടുള്ളത്.

## ഭിന്നശേഷിക്കാർക്ക് വേണ്ടി 84 സെക്ടർ കോഡിനേറ്റർമാരെ നിയമിച്ചു

ലോക്സഭാ തെരഞ്ഞെടുപ്പിൽ ജില്ലയിലെ മുഴുവൻ ഭിന്നശേഷിക്കാർക്കും വോട്ട് ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ 84 സെക്ടർ കോഡിനേറ്റർമാരെ ജില്ലാ കളക്ടർ ഡോ. ഡി സജിത് ബാബു നിയമിച്ചു. വോട്ട് ചെയ്യുന്നതിന് ഭിന്നശേഷിക്കാരെ പോളിങ് ബൂത്തിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങളിൽ ഭിന്നശേഷിക്കാരുടെ നോഡൽ ഓഫീസറെ സഹായിക്കുകയെന്നതാണ് ഇവരുടെ ചുമതല. മഞ്ചേശ്വരം നിയമസഭാ മണ്ഡലത്തിൽ 19 ഉം കാസർകോട് 15 ഉം ഉദുമ 18 ഉം കാഞ്ഞങ്ങാടും തൃക്കരിപ്പൂരും 16 വീതവും സെക്ടർ കോഡിനേറ്റർമാരെയാണ് നിയമിച്ചത്. ഐസിഡിഎസ് സൂപ്പർവൈസർ, അങ്കൺവാടി ജീവനക്കാർ, സ്കൂൾ കൗൺസിലർ എന്നിവരെയാണ്

സെക്ടർ കോഡിനേറ്റർമാരായി നിയമിച്ചത്. ഇവർക്ക് പുറമേ ഭിന്നശേഷിക്കാരെ പോളിങ് ബൂത്തിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ 12 കോർഡിനേറ്റർമാരെയും ജില്ലാ കളക്ടർ നിയമിച്ചിരുന്നു.

## വിധിയെഴുത്തിന് സമയമായി;
## പോളിങ് സാമഗ്രികൾ വിതരണം ചെയ്തു

ജനാധിപത്യത്തിന്റെ വിധി നിർണയദിനം ആഗതമായിരിക്കേ പോളിങ് സാമഗ്രികളുടെ വിതരണം പൂർത്തിയാക്കി. ജില്ലയിലെ പോളിങ് ബൂത്തിലേക്കുള്ള സാധന സാമഗ്രികൾ കാസർകോട് ഗവർമെന്റ് കോളേജിലും പടന്നക്കാട് നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജിലുമാണ് വിതരണം ചെയ്തത്. കാസർകോട് ഗവർമെന്റ് കോളേജിൽ മഞ്ചേശ്വരം, കാസർകോട്, ഉദുമ എന്നീ നിയോജക മണ്ഡലങ്ങളിലെയും പടന്നക്കാട് നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജിൽ കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ മണ്ഡലങ്ങളിലെയും ബൂത്തുകൾക്കുള്ള പോളിങ് സാമഗ്രികളാണ് വിതരണം ചെയ്തത്. ഇലക്ട്രോണിക് വോട്ടിങ് മെഷീൻ, വിവിപാറ്റ്, ഇലക്ടറൽ റോൾ, മഷി തുടങ്ങിയ പോളിങ് കേന്ദ്രത്തിലേക്കാവശ്യമായ എല്ലാ സാധനസാമഗ്രികളുമാണ് വിതരണം ചെയ്തത്. ജില്ലയിലെ 968 പോളിങ് ബൂത്തുകളുൾപ്പെടെ ലോക്സഭാ മണ്ഡലത്തിൽ ആകെ 1317 ബൂത്തുകളാണ് ഉള്ളത്. 3,872 പോളിങ് ഉദ്യോഗസ്ഥരാണ് ജില്ലയിൽ വോട്ടെടുപ്പ് നിയന്ത്രിക്കുന്നത്. ഇതിനു പുറമേ 668 റിസർവ് ഉദ്യോഗസ്ഥരെയും നിശ്ചയിച്ചിട്ടുണ്ട്. കാസർകോട് മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പോളിങ് ഉദ്യോഗസ്ഥർക്ക് മണ്ഡലത്തിലെവിടെ നിന്നും വോട്ട് രേഖപ്പെടുത്താൻ സൗകര്യമൊരുക്കുന്ന ഇലക്ഷൻ ഡ്യൂട്ടി സർട്ടിഫിക്കറ്റും (ഇഡിസി) വിതരണം ചെയ്തു. പോളിങ് ഉദ്യോഗസ്ഥർക്ക് വേണ്ടി മാതൃകാ പോളിങ് ബൂത്തും ഒരുക്കിയിരുന്നു. രാവിലെ എട്ടിന് ആരംഭിച്ച വിതരണ പ്രക്രിയ ഉച്ചയോടെ പൂർത്തീകരിച്ചു. കാസർകോട് ഗവൺമെന്റ് കോളേജിലെ വിതരണ പ്രക്രിയകൾ ജില്ലാ വരണാധികാരിയും ജില്ലാ കളക്ടറുമായ ഡോ. ഡി സജിത് ബാബു, പൊതു തെരഞ്ഞെടുപ്പ് നിരീക്ഷകൻ എസ് ഗണേഷ് എന്നിവർ നിരീക്ഷിച്ചു. ജില്ലാ പൊലീസ് മേധാവി ജെയിംസ് ജോസഫിന്റെ നേതൃത്വത്തിൽ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കി. പോളിങ് സാമഗ്രികൾ വാഹനങ്ങളിലാണ് ഉദ്യോഗസ്ഥർ പോളിങ് ബൂത്തിലേക്ക് എത്തിച്ചത്. കാസർകോട് ഗവ. കോളേജിൽ ആംബുലൻസ് ഉൾപ്പെടെ മെഡിക്കൽ ടീമിനെയും സജ്ജീകരിച്ചിരുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ ഭക്ഷണ സൗകര്യവും ഏർപ്പെടുത്തിയിരുന്നു.

## ഫോട്ടോ അടിക്കുറിപ്പ്

കാസർകോട് ഗവ. കോളേജിൽ പോളിങ് സാമഗ്രികളുടെ വിതരണമാരംഭിച്ചപ്പോൾ...(കാസർകോട്, കാസർകോട് 1, കാസർകോട് 2)

പടന്നക്കാട് നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജിൽ പോളിങ് സാമഗ്രികളുടെ വിതരണമാരംഭിച്ചപ്പോൾ...(കാഞ്ഞങ്ങാട്,കാഞ്ഞങ്ങാട് 1)

കാസർകോട് ഗവ. കോളേജിൽ സജ്ജീകരിച്ച മാതൃകാ പോളിങ് സ്റ്റേഷൻ( മാതൃകാ പോളിങ് സ്റ്റേഷൻ കെ എസ് ജി ഡി)

പടന്നക്കാട് നെഹ്റു ആർട്സ് ആന്റ് സയൻസ് കോളേജിൽ സജ്ജീകരിച്ച മാതൃകാ പോളിങ് സ്റ്റേഷൻ( മാതൃകാ പോളിങ് സ്റ്റേഷൻ കാഞ്ഞങ്ങാട്)

### മാധ്യമ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്

ലോക്സഭാ തെരഞ്ഞെടുപ്പ് റിപ്പോർട്ട് ചെയ്യുന്നതിന് വേണ്ടി മാധ്യമപ്രവർത്തകർക്ക് വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വാഹനം കാസർകോട് പ്രസ് ക്ലബ് പരിസരത്തു നിന്ന് നാളെ( ഏപ്രിൽ 23) രാവിലെ ഒൻപതിന് പുറപ്പെടും.താൽപര്യമുള്ളവർ കൃത്യസമയത്ത് എത്തിച്ചേരണം.

ജില്ലാ ഇൻഫർമേഷൻ ഓഫീസർ
കാസർകോട്